**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3950** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഇ-ഹെൽത്ത് സംവിധാനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.പി. കെ. ബഷീർ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇ-ഹെൽത്ത് സംവിധാനത്തിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും പുതുതായി എന്തെല്ലാം സേവനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ; വിശദാംശം നൽകാമോ? | (എ) | നിലവിൽ ഇ-ഹെൽത്ത് സംവിധാനത്തിലൂടെ ലഭ്യമാക്കി വരുന്ന സേവനങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഇ-ഹെൽത്ത് സംവിധാനം

ഇ-ഹെൽത്ത് സംവിധാനത്തിലൂടെ ഓൺലൈൻ അപ്പോയിന്റ്മെന്റ്, കൺസൾട്ടേഷൻ, ലബോറട്ടറി റിപ്പോർട്ടുകൾ (SMS അലേർട്ട്), പേഷ്യന്റ് രജിസ്ട്രേഷൻ, ടോക്കൺ അധിഷ്ഠിത നിയന്ത്രണം, റഫറൽ അഡ്വാൻസ് ബുക്കിംഗ് ഫാർമസി, ബില്ലിംഗ്, ഇൻ- പേഷ്യന്റ് മാനേജ്മെന്റ്, ഡിസ്ചാർജ് സമ്മറി എന്നീ സേവനങ്ങൾ ഇ-ഹെൽത്ത് നടപ്പിലാക്കിയ ആശുപത്രികളിൽ, ആശുപത്രി ജീവനക്കാർ ഇ-ഹെൽത്ത് സംവിധാനം ഉപയോഗിക്കുന്ന മാത്രെ രോഗികൾക്ക് ലഭ്യമാക്കുന്നതാണ്. ഇത് കൂടാതെ പരിശീലനം സിദ്ധിച്ച ആരോഗ്യപ്രവർത്തകൻ മുഖേന കേരളത്തിലെ ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ താമസസ്ഥലവുമായി ബന്ധപ്പെട്ട വിവരം ഉൾപ്പെടെ സമഗ്രമായ വിവരശേഖരണം നടത്തി വരുന്നു. ഓരോ വ്യക്തിയുടെയും ആധാർ നമ്പർ അടിസ്ഥാനത്തിൽ കേരളത്തിലെ 2 കോടി 59 ലക്ഷം ജനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഇതിനകം ശേഖരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള വിവര ശേഖരണം വഴി ജനങ്ങൾക്ക് ആശുപത്രി സേവനം തേടുന്ന മുറയ്ക്ക് വ്യതിഗത തിരിച്ചറിയൽ കാർഡ്(UHID) നൽകുന്നതിനും ഗർഭിണികൾ, കുട്ടികൾ, വയോധികർ, രോഗബാധിതർ തുടങ്ങിയവരുടെ ആരോഗ്യ വിവരങ്ങൾ വിശകലനം ചെയ്ത് ശരിയായ ചികിത്സ നൽകുന്നതിനും പനി, ഡയറിയ, നേത്ര രോഗങ്ങൾ തുടങ്ങിയ സാംക്രമിക രോഗങ്ങളെ കുറിച്ച് മുന്നറിയിപ്പ് നല്കുന്നതിനും സമയോചിതവും ഫലപ്രദവുമായ ഇടപെടൽ നടത്തുന്നതിനും ഇ ഹെൽത്ത് ഫീൽഡ് തല പ്രവർത്തനത്തിലൂടെ സാധ്യമാകുന്നുണ്ട്.

ഓൺലൈനായി ഒ.പി. ടിക്കറ്റ് അടക്കം വിവിധ സേവനങ്ങൾക്കായുള്ള പണം അടക്കാനുള്ള സംവിധാനം, UHID കാർഡ് ഡിജി ലോക്കർ സംവിധാനം വഴി ലഭ്യമാക്കുക, ഇ-ഹെൽത്ത് നടപ്പിലാക്കിയ സർക്കാർ ആശുപത്രികളിൽ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി സി.എം.ഡി.ആർ.എഫ് പോർട്ടലിൽ ലഭ്യമാക്കുക, ഒരു വ്യക്തിയുടെ ആരോഗ്യ സംബന്ധമായ രേഖകൾ അതാത് വ്യക്തിയുടെ സമ്മതത്തോടെ തുടർചികിത്സക്കായി മറ്റ് ആശുപത്രികളിൽ ലഭ്യമാക്കുക എന്നിവയാണ് ഇ-ഹെൽത്ത് മുഖേന ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾ.